0181579

K19U 3355

Reg. No. : ...............................

Name : ...................................

# I Semester B.Com./BBA/BBA(TTM)/BBA(RTM)/BBA(AH)/BTTM Degree (CBCSS - (OBC) Reg) Examination, November - 2019

## (2019 Admission)

## ADDITIONAL COMMON COURSE IN MALAYALAM

## 1A07-1 MAL : സാഹിത്യരൂപങ്ങൾ

സമയം : 3 മണിക്കൂർ　　　　　　　　　　　　　　　　　　　　　മാർക്ക് : 40

I. 4 ചോദ്യങ്ങളിൽ നിന്ന് രണ്ടെണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1. ജീവിതമാണ് കവിതയ്ക്ക് മഷിപ്പാത്രം - എന്ന് പ്രഖ്യാപിച്ച വൈലോപ്പിള്ളി, കടൽക്കാക്കകളിൽ അവതരിപ്പിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങൾ വിശകലനം ചെയ്യുക.

2. മലയാളത്തിലെ സ്ത്രീപക്ഷ സിനിമകളിൽ 'ആദാമിന്റെ വാരിയെല്ലി'നുള്ള സ്ഥാനം വിശദീകരിക്കുക.

3. ''വിലക്കുകളുടെ കഥയാണ് ആയുസ്സിന്റെ പുസ്തകം'' വിമർശനദൃഷ്ട്യാ പരിശോധിക്കുക?

4. ജനകീയ കലാരൂപം എന്ന നിലയിൽ ചലച്ചിത്രഗാനങ്ങൾക്കുള്ള പ്രത്യേകതകൾ വിശദീകരിക്കുക.

II. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5. 'ഹാ റാ' മിന് പുതിയകാലത്ത് സംഭവിച്ച മാറ്റത്തെ എൻ. വി. കൃഷ്ണവാര്യർ എങ്ങനെയാണ് അവതരിപ്പിക്കുന്നത്?

6. 'ഒളിച്ചുവയ്ക്കലുകളില്ലാത്ത ഇടമാണ് പ്രസവമുറി' ലേബർ റൂമിനെ ആസ്പദമാക്കി വിലയിരുത്തുക.

P.T.O.

7. അടിച്ചമർത്തപ്പെടുന്ന ജീവിതചോദനകൾക്കെതിരെയുള്ള പ്രതിഷേധമാണ് 'ആയുസ്സിന്റെ പുസ്തകം'. വിശകലനം ചെയ്യുക.

8. ആയുസ്സിന്റെ പുസ്തകത്തിലെ ബൈബിൾ സ്വാധീനം ചർച്ച ചെയ്യുക.

9. എഴുത്തുകാരന്റെ മരണം കൃത്യമായി സംഭവിക്കുന്നത് ചലചിത്ര ഗാനങ്ങളിലാണെന്ന് ലേഖിക പറയാൻ കാരണമെന്ത്?

10. മരണത്തോടുള്ള ആഭിമുഖ്യം ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിൽ എപ്രകാരം പ്രകടമാകുന്നുവെന്നാണ് ലേഖകൻ കണ്ടെത്തുന്നത്?

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11. 'വെട്ടിയ മുത്തശ്ശിതൻ തലപോലെ

    വഴിമറവില്ലാതെ കാണായി കഴുമല ' - ആശയം വ്യക്തമാക്കുക.

12. 'ഞാനറിയുന്നു

    രണ്ടുപേർക്കിടയിലൊരു പുഴയുണ്ട്.' പുഴ പ്രതിനിധാനം ചെയ്യുന്ന ആശയം വ്യാഖ്യാനിക്കുക?

13. സ്ത്രീയുടെ സ്വാതന്ത്ര്യം പുരുഷൻ നിയന്ത്രിക്കുന്നുവെന്നതിന്റെ തെളിവാണ് ആദാമിന്റെ വാരിയെല്ലിലെ നായികമാർ. - പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

14. എല്ലാതെറ്റും തെറ്റല്ല, എല്ലാ ശരിയും ശരിയുമല്ല. - സാറയുടെ ജീവിതത്തെ ആസ്പദമാക്കി വിശദീകരിക്കുക.

15. ശരീരം മാത്രമാകുന്ന സ്ത്രീകളെപ്പറ്റിയാണ് ആയുസ്സിന്റെ പുസ്തകത്തിൽ ചർച്ച ചെയ്യുന്നത്. - വിശകലനം ചെയ്യുക.

16. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിൽ കടന്നുവരുന്ന നാഗരികത ചർച്ച ചെയ്യുക.

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17. തൊട്ടാവാടിയിലെ പെൺകുട്ടിക്ക് കവി നൽകിയ ഉപദേശമെന്ത് ?

18. ലേബർ റൂം എന്ന നാടകത്തെ പരിചയപ്പെടുത്തുക.

19. യോഹന്നാൻ എന്ന കഥാപാത്രത്തെ നിരൂപണദൃഷ്ട്യാ പരിചയപ്പെടുത്തുക.

20. ചലചിത്ര ഗാനവും കവിതയും തമ്മിലുള്ള സാമ്യവൈജാത്യങ്ങളേവ?

21. മൃത്യുബോധത്തിന്റെ കവിയെന്ന് ബാലചന്ദ്രൻ ചുള്ളിക്കാടിനെ വിശേഷിപ്പിക്കാൻ കാരണമെന്ത് ?

22. എവിടെ ജോൺ

---